**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടറുടെ(എ &റ്റി)നടപടിക്രമം**

---

വിഷയം:- ആവഡ- ജീവനക്കാര്യം- ശ്രീമതി.സജില V.K,ഫാർമസ്സിസ്റ്റ് ഗ്രേഡ് 1,PEN-840989,ജനറൽ ആശുപത്രി തലശ്ശേരി,കണ്ണൂർ-ഫയൽ ചെയ്ത കേസ് നമ്പർ OA 1254/2026 മേൽ അനുപാലനം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1.ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 1164/2026 നമ്പർ കേസിൻമേൽ പുറപ്പെടുവിച്ച വിധിന്യായം തീയതി:14/09/2026
2.ശ്രീമതി.സജില V.K,ഫാർമസ്സിസ്റ്റ് ഗ്രേഡ് 1,ജനറൽ ആശുപത്രി തലശ്ശേരി,കണ്ണൂർ സമർപ്പിച്ച 29/06/2026 ലെ അപേക്ഷ

**ഉത്തരവ് നം:** DHS/21176/2026-EE4 **തീയതി:** 06-10-2026

---

കണ്ണൂർ ജില്ലയിലെ തലശ്ശേരി ജനറൽ ആശുപത്രിയിൽ നിലവിൽ ഫാർമസ്സിസ്റ്റ് ഗ്രേഡ് 1 തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീമതി.സജില V.K യ്ക്ക് ഉത്തരവ് നമ്പർ 17865/2025/EE4 DTD 15/03/2026 പ്രകാരം കോഴിക്കോട് നിന്നും കണ്ണൂർ ജില്ലയിലേക്ക് സ്ഥാനക്കയറ്റത്തോടനുബന്ധിച്ച സ്ഥലം മാറ്റം നൽകി ഉത്തരവായിട്ടുണ്ടായിരുന്നു. ഈ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് ടിയാൾ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA (OA EKM-1164/2026) നമ്പർ കേസിലെ പരാമർശം ഒന്ന് പ്രകാരമുള്ള അന്തിമ വിധിയിൽ രണ്ടാം എതിർ കക്ഷിയായ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് ശ്രീമതി.സജില V.K യുടെ സ്ഥലംമാറ്റ അപേക്ഷ പരിഗണിച്ച് ഉത്തരവുകൾ പാസാക്കാൻ നിർദ്ദേശം ലഭിച്ചിരിക്കുന്നു.

കോഴിക്കോട് ജില്ലയിൽ 12 ഒഴിവുകൾ ഉണ്ടെന്നും അതിലൊന്നിലേക്ക് ടിയാളെ നിയമിക്കണമെന്നുമാണ് ടിയാൾ അപേക്ഷിച്ചിരിക്കുന്നത്.

നിലവിൽ ജില്ലയിൽ ഫാർമസ്സിസ്റ്റ് ഗ്രേഡ് 1 തസ്തികയിൽ ഒഴിവുകൾ ഉണ്ടെന്ന കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുള്ളതാണ്. ആയതിനാൽ ശ്രീമതി.സജില V.K യുടെ

Annexure A3 സ്ഥലംമാറ്റ അപേക്ഷ പരിഗണിച്ച് നിലവിൽ കോഴിക്കോട് ജില്ലയിൽ ഫാർമസ്സിസ്റ്റ് ഗ്രേഡ് 1 തസ്തികയിൽ സ്ഥലംമാറ്റത്തിന് ഒഴിവുള്ള സാഹചര്യത്തിലും, ടി യാരിയുടെ ആരോഗ്യ സ്ഥിതി കണക്കിലെടുത്തും, കോടതി ഉത്തരവ് പ്രകാരം പരാതിക്കാരിയെ കണ്ണൂർ ജില്ലയിൽ നിന്നും കോഴിക്കോട് ജില്ലയിലേക്ക് സ്ഥലമാറ്റം നൽകി ഇതിനാൽ ഉത്തരവാകുന്നു.

ഇപ്രകാരം പരാമർശം (1) പ്രകാരമുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 1164/2026 നമ്പർ കേസിലെ വിധിന്യായം അനുപാലനം ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

Digitally signed by
Sandeep K
Date: 06-10-2026
23:46:19

SANDEEP K
ADDITIONAL DIRECTOR OF HEALTH SERVICES

സ്വീകർത്താവ്:-

1.ശ്രീമതി.സജില V.K,ഫാർമസ്സിസ്റ്റ് ഗ്രേഡ് 1,

ജനറൽ ആശുപത്രി തലശ്ശേരി,കണ്ണൂർ

പകർപ്പ്:-

1.The Advocate General, Kerala, Thiruvananthapuram( covering letter സഹിതം)

2.ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ/സ്ഥാപന മേധാവി

3.ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്